**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **28-07-2021 - ൽ മറുപടിയ്ക്ക്**

**പോലീസിനു വേണ്ടി ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസിനു വേണ്ടി പവൻ ഹൻസ് കമ്പനിയിൽ നിന്നും ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത ഹെലികോപ്റ്റർ ഉപയോഗിക്കുന്നുണ്ടോ എന്നതിന്റെയും വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കരാർ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ഹെലികോപ്റ്റർ ഇപ്പോൾ ഉപയോഗിക്കുന്നില്ല. |
| (ബി) | പ്രസ്തുത ഹെലികോപ്ടർ എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്നും ആരെല്ലാമാണ് ഇതുവരെയും ഉപയോഗിച്ചിരുന്നത് എന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ; | (ബി) | വ്യോമ നിരീക്ഷണം, മാവോയിസ്റ്റുകളുടെ സാഞ്ചാരപാത നിരീക്ഷണം, ആരോഗ്യ രക്ഷാപ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശം, വനമേഖലകൾ, വിനോദ സഞ്ചാര-തീർത്ഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തിരഘട്ടങ്ങളിലെ പോലീസിന്റേയും വിശിഷ്ട വ്യക്തികളുടേയും യാത്രക്കായുമാണ് ഹെലികോപ്റ്ററിന്റെ സേവനം നൽകിയിട്ടുള്ളത്. |
| (സി) | വാടകയിനത്തിലും മറ്റും ഇതിനു വേണ്ടി സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിക്കേണ്ടി വന്നു എന്നതിന്റെയും വിശദാംശം വെളിപ്പെടുത്തുമോ? | (സി) | ജി.എസ്.ടി ഉൾപ്പെടെ ആകെ 22,151,000/- രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ